ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE:10.05.2026

1. കേന്ദ്ര സർക്കാർ നയങ്ങൾക്കും പദ്ധതികൾക്കുമുള്ള ജനസ്വീകാര്യതയാണ് അടുത്തിടെയുള്ള തിരഞ്ഞെടുപ്പ് ഫലങ്ങൾ സൂചിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയെ സംബന്ധിച്ച പ്രഖ്യാപനം ഉടനുണ്ടാകുമെന്ന് സൂചന, ചർച്ചകൾ അന്തിമഘട്ടത്തിൽ.
3. തമിഴ്നാട് മുഖ്യമന്ത്രിയായി തമിഴക വെട്രി കഴകം പാർട്ടി അധ്യക്ഷൻ സി. ജോസഫ് വിജയ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ആശംസ അറിയിച്ച് പ്രധാനമന്ത്രി.
4. രാജ്യത്തെ പ്രളയ-ഉഷ്ണതരംഗ സാഹചര്യങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പുകൾ വിലയിരുത്താൻ കേന്ദ്ര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേരും.
5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത; ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത; കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്- ലഖ്നൗ സൂപ്പർ ജയന്റ്സിനെയും, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു-മുംബൈ ഇന്ത്യൻസിനെയും നേരിടും.

&&&&&&&&&&&&&&&&&

RNU TVPM

## പിഎം - ബിജെപി ബംഗളൂരു

കേന്ദ്ര സർക്കാർ നയങ്ങൾ, പദ്ധതികൾ എന്നിവയ്ക്ക് പൊതുജനങ്ങൾ നൽകുന്ന പിന്തുണയാണ് അടുത്തിടെയുള്ള തിരഞ്ഞെടുപ്പ് ഫലങ്ങൾ സൂചിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബംഗളുരുവിൽ പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ മുന്നോട്ട് നയിക്കുന്ന, പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നൽകുന്ന ഒരു സർക്കാരിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു. രാഷ്ട്ര വികസനത്തിനായി പ്രവർത്തിക്കാൻ ആഹ്വാനം ചെയ്ത പ്രധാനമന്ത്രി, യുഎസ്-ഇറാൻ യുദ്ധം അടക്കമുള്ള വെല്ലുവിളികളെ നേരിടാൻ ഒരുമിച്ചു നിൽക്കണമെന്നും അഭിപ്രായപ്പെട്ടു.

*******************************

## പ്രധാനമന്ത്രി-സന്ദർശനം

RIU TVPM

കർണാടക സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇപ്പോൾ ബെംഗളൂരുവിൽ നടക്കുന്ന ആർട്ട് ഓഫ് ലിവിങ്ങിന്റെ 45-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുത്തു. ആർട്ട് ഓഫ് ലിവിംഗ് ഇന്റർനാഷണൽ സെന്ററിൽ പുതുതായി നിർമ്മിച്ച ധ്യാൻ മന്ദിറിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. ഉച്ചയ്ക്ക് ശേഷം ഹൈദരാബാദിലെത്തുന്ന പ്രധാനമന്ത്രി, 9,400 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവ്വഹിക്കും. ഹൈദരാബാദ്-പനാജി സാമ്പത്തിക ഇടനാഴിയുടെ ഭാഗമായുള്ള ഗുഡെബെല്ലൂർ മുതൽ മഹ്ബൂബ് നഗർ വരെയുള്ള ദേശീയ പാത-167 നാലുവരിയാക്കുന്ന പദ്ധതിയുടെ ശിലാസ്ഥാപനവും അദ്ദേഹം നിർവ്വഹിക്കും. പിഎം മിത്ര പദ്ധതിക്ക് കീഴിൽ

വികസിപ്പിച്ച വാറങ്കലിലെ കാകതീയ മെഗാ ടെക്സ്റ്റൈൽ പാർക്കും അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. ഇതിനുപുറമെ, ഹൈദരാബാദിലെ അത്യാധുനിക ക്യാൻസർ ചികിത്സാ കേന്ദ്രമായ സിന്ധു ആശുപത്രിയുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിക്കും.
******************************

## കേരള സർക്കാർ രൂപീകരണം

കേരളത്തിലെ മുഖ്യമന്ത്രി ആരെന്നത് സംബന്ധിച്ച പ്രഖ്യാപനം ഉടനുണ്ടാകുമെന്ന് സൂചന. സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് കോൺഗ്രസ് ഉന്നതാധികാര സമിതി ഇന്നലെ ന്യൂഡൽഹിയിൽ യോഗം ചേർന്നു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ വസതിയിൽ നടന്ന യോഗത്തിൽ മുതിർന്ന നേതാവ് രാഹുൽ ഗാന്ധി, കേരളത്തിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി, കെ.സി. വേണുഗോപാൽ എന്നിവരും കേരളത്തിൽ നിന്നുള്ള മുതിർന്ന നേതാക്കളായ രമേശ് ചെന്നിത്തല, വി.ഡി. സതീശൻ എന്നിവരും പങ്കെടുത്തു. പുതിയ കേരള മുഖ്യമന്ത്രിയെ സംബന്ധിച്ച അന്തിമ തീരുമാനം മല്ലികാർജുൻ ഖാർഗെയും രാഹുൽ ഗാന്ധിയും ചേർന്ന് കൈക്കൊള്ളുമെന്ന് പാർട്ടി അറിയിച്ചു.
******************************

RNU TVPM

## തമിഴ്നാട് - സത്യപ്രതിജ്ഞ (ഇൻട്രോ)

തമിഴ്നാട് മുഖ്യമന്ത്രിയായി ചലച്ചിത്രതാരവും തമിഴക വെട്രി കഴകം പാർട്ടി അധ്യക്ഷനുമായ സി. ജോസഫ് വിജയ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ചെന്നൈ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ

ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു.

(വോയിസ്-വിജയ്)

തമിഴ്നാടിന്റെ 9 ആമത് മുഖ്യമന്ത്രിയാണ് വിജയ്. വിജയോടൊപ്പം 9 മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുൾപ്പെടെ നിരവധി പ്രമുഖർ ചടങ്ങിനെത്തി. 234 അംഗ സഭയിൽ 120 എംഎൽഎമാരുടെ പിന്തുണ ഉറപ്പാക്കിയതിനെത്തുടർന്നാണ് പുതിയ സർക്കാർ രൂപീകരിക്കാൻ ഗവർണർ വിജയിയെ ക്ഷണിച്ചത്. ബുധനാഴ്ചയ്ക്കകം നിയമസഭയിൽ വിശ്വാസവോട്ട് തേടാനും ഗവർണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

********************************

## പ്രധാനമന്ത്രി - ആശംസ

തമിഴ്നാട് മുഖ്യമന്ത്രിയായി സ്ഥാനമേറ്റ ജോസഫ് വിജയിക്ക് ആശംസ അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനജീവിതം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ തമിഴ്നാട് സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് തുടരുമെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയും വിജയ്ക്ക് അഭിനന്ദനം അറിയിച്ചു.

********************************

## അസം - സത്യപ്രതിജ്ഞ

അസമിൽ പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞ മറ്റന്നാൾ നടക്കും. ബി ജെ പി നേതൃത്വം നൽകുന്ന എൻ ഡി എ തുടർച്ചയായ മൂന്നാം തവണയാണ് ഇവിടെ അധികാരത്തിലെത്തുന്നത്. അതേസമയം അസമിൽ ബിജെപി നിയമസഭാ കക്ഷി നേതാവിനെ

RNUTVPM

തിരഞ്ഞെടുക്കുന്നതിനായി പാർട്ടി എംഎൽഎമാരുടെ യോഗം ഇന്ന് ഗുവാഹത്തിയിൽ ചേർന്നു.

*******************************

## മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ

ജനാധിപത്യം ശക്തിപ്പെടുത്തുന്നതിൽ ഓരോ വോട്ടറും പങ്കാളികളാകണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. തിരുപ്പതിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം, പുതുച്ചേരി എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് സമാധാനപരമായും വിജയകരമായും പൂർത്തിയാക്കാൻ സാധിച്ചതിൽ അദ്ദേഹം സംതൃപ്തി രേഖപ്പെടുത്തി. രണ്ടുദിവസത്തെ സന്ദർശനത്തിനായി തിരുപ്പതിയിലെത്തിയ ഗ്യാനേഷ് കുമാർ ഇന്ന് രാവിലെ തിരുമല ശ്രീ വെങ്കിടേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തി.
*******************************

RNU TVPM

## ആനമുടി ചോല ദേശീയോദ്യാനം (ഇൻട്രോ)

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ചോലവനമായ മന്നവൻചോലയിൽ സഞ്ചാരികൾക്കായി താമസസൗകര്യമൊരുക്കി ആനമുടി ചോല ദേശീയോദ്യാനം. വനം-വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ മെത്താപ്പിലാണ് ലോഗ് ഹൗസും സ്റ്റോൺ ഹൗസും സജ്ജമാക്കിയിരിക്കുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

*****************************

## മാതൃദിനം

ഇന്ന് അന്താരാഷ്ട്ര മാതൃദിനം. മെയ് മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് ഇന്ത്യയുൾപ്പെടെയുള്ള മിക്ക രാജ്യങ്ങളും മാതൃദിനമായി ആഘോഷിക്കുന്നത്. അമേരിക്കയിൽ, അന്നാ ജാർവിസ് എന്ന സമാധാന പ്രവർത്തക, തന്റെ അമ്മയ്ക്കായി പ്രത്യേക സ്മാരകം തീർത്ത 1908 മുതലാണ് അന്താരാഷ്ട്രമാതൃദിന ആചരണം ആരംഭിച്ചത്.

*****************************

## റേഡിയോ നാടകോത്സവം

ആകാശവാണിയുടെ അഖില കേരള റേഡിയോ നാടകോത്സവത്തിന് ഇന്ന് തുടക്കമാകും. കേരളത്തിലെ എല്ലാ ആകാശവാണി നിലയങ്ങളിലൂടെയും 'NewsOnAir' ആപ്പിലൂടെയും ശ്രോതാക്കൾക്ക് നാടകങ്ങൾ ആസ്വദിക്കാം. എല്ലാ ദിവസവും രാത്രി 9.30-നാണ് നാടകങ്ങൾ പ്രക്ഷേപണം ചെയ്യുന്നത്. ഇതിന്റെ പുനഃപ്രക്ഷേപണം അടുത്ത ദിവസം ഉച്ചയ്ക്ക് ഒരു മണിക്ക് ഉണ്ടായിരിക്കും. ഒമ്പത് ദിവസങ്ങളിലായി നീണ്ടുനിൽക്കുന്ന ഈ ശ്രവ്യവിരുന്നിൽ മലയാള സിനിമയിലെയും നാടകരംഗത്തെയും പ്രമുഖ കലാകാരൻമാർ അണിനിരക്കുന്നു. ശബ്ദവിസ്മയവുമായി മലയാളത്തിന്റെ പ്രിയ നടൻ മോഹൻലാൽ ഇത്തവണ നാടകോത്സവത്തിന്റെ ഭാഗമാകും.

*****************************

## കാലാവസ്ഥ

RNUTVPM

തെക്കുപടിഞ്ഞാറൻ അറബിക്കടലിനും അതിനോട് ചേർന്നുള്ള ലക്ഷദ്വീപിനും കേരള തീരത്തിനും മുകളിലായി ചക്രവാതച്ചുഴി നിലനിൽക്കുന്നു. ഇതിന്റെ സ്വാധീനത്താൽ സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദ്ദേശമുണ്ട്.
*******************************

## അമിത് ഷാ - ഉന്നതതല യോഗം

രാജ്യത്തെ പ്രളയ-ഉഷ്ണതരംഗ സാഹചര്യം നേരിടാനുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേരും. കേന്ദ്ര ഏജൻസികളുടെ തയ്യാറെടുപ്പുകൾ, മുന്നറിയിപ്പ് സംവിധാനങ്ങൾ, വിഭവങ്ങളുടെ വിന്യാസം, ഏജൻസികൾ തമ്മിലുള്ള ഏകോപനം എന്നിവ മന്ത്രി യോഗത്തിൽ വിലയിരുത്തും.
*******************************

## കുട്ടനാട് സഫാരി (ഇൻട്രോ)

കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ പൊതുജനശ്രദ്ധ നേടി ജലഗതഗത വകുപ്പിന്റെ പുതിയ വിനോദസഞ്ചാര പാക്കേജ് 'കുട്ടനാട് സഫാരി'. പ്രതിദിനം അൻപതോളം പേരാണ് പാക്കേജിന് കീഴിൽ യാത്ര ചെയ്യുന്നത്.

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്....**

RNU TVPM

(വോയിസ്)

*******************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചകഴിഞ്ഞ് 3.30-ന് ചെന്നൈയിലെ എം.എ. ചിദംബരം സ്റ്റേഡിയത്തിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ്- ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. രാത്രി 7.30-ന് റായ്പൂരിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു-മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ 77 റൺസിന് തകർത്ത് ഗുജറാത്ത് ടൈറ്റൻസ് വിജയം നേടി.
*******************************

## കോഴിക്കോട് - ജന ജാഗ്രതാ സംഗമം

കോഴിക്കോട്, കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ നെല്ലിക്കാപറമ്പിൽ ജന ജാഗ്രതാ സംഗമം സംഘടിപ്പിച്ചു. എന്റെ നെല്ലിക്കാപറമ്പ് സന്നദ്ധ സേനയുടെയും ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ മോഷണങ്ങളും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും തടയുന്നതിനുള്ള വിവിധ കർമ പദ്ധതികൾ ആസൂത്രണം ചെയ്തു.

*

**************

***********************************************

RNU TVPM